(സി)-(ഇ) ഇതുസംബന്ധിച്ച് കളക്ടറേറ്റിലെ ബി2-77351/95 എന്ന ഫയലിൽ നടപടി നടന്നു വരുന്നു. ഏനോസ് ജസ്റ്റസിന് പട്ടയം നൽകിയ നടപടി തെറ്റായിരുന്നുവെന്നും ഇത് അനധികൃതമായ ഭൂമി കൈയേറ്റമാണെന്നും നെടുമങ്ങാട് തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങളിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുവാൻ തഹസീൽദാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(എഫ്)&(ജി) മരങ്ങൾ മുറിച്ചുമാറ്റിയതിനെ സംബന്ധിച്ച് നാട്ടുകാരിൽ നിന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ തിരുവനന്തപുരം ജില്ലാകളക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് നിയമാനുസൃതമായ അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

67 (569) ചെള്ളിവയൽ മണ്ണിട്ടു നികത്താനുള്ള നീക്കം

<u>ശ്രീ. എം. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽസ്റ്റേഷനു പിന്നിലുള്ള ചെള്ളിവയൽ മണ്ണിട്ടു നികത്തുവാനുള്ള സ്വകാര്യ വ്യക്തികളുടെയും സംഘടനകളുടേയും നീക്കം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ മണ്ണിട്ടു നികത്തുന്നത് തടയണമെന്ന് അപേക്ഷിച്ചുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ മണ്ണിട്ടു നികത്തുന്നത് തടയുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

68 (570) മുളക്കുഴ വില്ലേജ് വിഭജിക്കുവാൻ നടപടി

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളക്കുഴ വില്ലേജ് വിഭജിച്ച് മുളക്കുഴ, കാരക്കാട് എന്നീ വില്ലേജുകൾ രൂപീകരിക്കാൻ എന്തെങ്കിലും പ്രൊപ്പോസൽ ഉണ്ടോ;

(ബി) മുളക്കുഴ വില്ലേജിന്റെ ബാഹുല്യം കണക്കിലെടുത്ത് പ്രസ്തുത വില്ലേജ് വിഭജനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മുളക്കുഴ വില്ലേജ് വിഭജിക്കുവാനുള്ള നിർദ്ദേശം നിലവിലില്ല.

(ബി) റവന്യൂ യൂണിറ്റുകളുടെ പുനഃസംഘടന സംബന്ധിച്ച് തീരുമാനമെടുക്കുമ്പോൾ ഈ ആവശ്യവും പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly